# അയ്യൻകാളി ഭവൻ ഉദ്ഘാടനം

01.11.2008

തിരുവനന്തപുരം

പട്ടികജാതി-പട്ടികവർഗ ക്ഷേമവും വികസനവുമായി ബന്ധപ്പെട്ട ഓഫീസുകൾ ഒരു മേൽക്കൂരയ്ക്കു കീഴിലാവുകയാണ്. സമൂഹത്തിലെ ഏറ്റവും ദരിദ്ര ജനവിഭാഗങ്ങളായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനമാണ് സാമൂഹ്യ പുരോഗതിയുടെ പ്രധാനപ്പെട്ട സൂചകം. വിവിധങ്ങളായ പദ്ധതികളിലൂടെ, ഭരണ നടപടികളിലൂടെ പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. അതിന് നേതൃത്വം നൽകാൻ ചുമതലപ്പെട്ട ഓഫീസുകൾ കൂടുതൽ സൗകര്യപ്പെടുത്തുകയും സുസജ്ജമാക്കുകയും ചെയ്യേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് ഇവിടെ കെട്ടിട സമുച്ചയം ഒരുക്കിയിരിക്കുന്നത്.

മഹാനായ നവോത്ഥാന നായകൻ അയ്യങ്കാളിയുടെ സ്മാരകമാണ്, അദ്ദേഹത്തിന്റെ നാമധേയത്തിലാണ്, ഈ കെട്ടിടസമുച്ചയം എന്നത് അഭിമാനകരമാണ്. കേരളത്തെ കേരളമാക്കിയ മഹത്തായ മുന്നേറ്റങ്ങളിൽ അയ്യങ്കാളി വഹിച്ച പങ്ക് നിസ്തുലമാണ്. കമ്മ്യൂണിസ്റ്റ് പാർടിയും കർഷക-ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും ആരംഭിക്കുന്നതിന് പതിറ്റാണ്ടുകൾക്ക് മുമ്പാണ് അയ്യങ്കാളി കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും സംഘടിപ്പിച്ച് പോരാട്ടം നടത്തിയത്. അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന ആ സമരങ്ങൾ

വിജയം കണ്ടു. അതുപോലെ അയിത്തജാതിക്കാർക്ക് വിദ്യാലയ പ്രവേശനം നേടിയെടുക്കുന്നതിനുള്ള പ്രക്ഷോഭത്തിനും സാധുജന പരിപാലനസംഘത്തിന്റെ പ്രവർത്തനത്തിലൂടെ അയ്യങ്കാളി നേതൃത്വം നൽകി. സവർണാധിപത്യത്തെ വെല്ലുവിളിച്ച് കീഴാളരുടെ അഭിമാന ബോധമുയർത്തിപ്പിടിക്കുകയും അവരെ സമരശക്തിയാക്കിമാറ്റു കയും ചെയ്ത വീരനായകനാണ് അയ്യങ്കാളി. അദ്ദേഹത്തിന്റെ സ്മാരകമാണ് പട്ടികജാതി-പട്ടികവർഗ ക്ഷേമ ഓഫീസുകളുടെ സമുച്ചയം യാഥാർത്ഥ്യമാക്കുന്നത് എന്നതിന് പ്രസക്തി ഏറെയാണ്. പട്ടികജാതി-പട്ടികവർഗക്ഷേമത്തിനും വികസനത്തിനുമായി വൻ തുക ഗവൺമെന്റ് നീക്കിവെക്കുന്നുണ്ട്. എന്നാൽ അതിന്റെ പ്രയോജനം സത്വരമായി ലഭ്യമാക്കുന്നതിൽ മുൻകാലങ്ങളിൽ വലിയ വീഴ്ചയുണ്ടായിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അലംഭാവം ഈ രംഗത്ത് വ്യാപകമായിരുന്നു. പദ്ധതികളുടെ പ്രയോജനം അർഹരായവർക്ക് കൃത്യമായി ലഭ്യമാവാത്ത സ്ഥിതിയു മുണ്ടായിരുന്നു. അയ്യങ്കാളിയുടെ പേരിലുള്ള ഓഫീസിനകത്തിരിക്കു മ്പോൾ ഉദ്യോഗസ്ഥർക്ക് ആ ബോധ്യം വേണം. അയ്യങ്കാളി ഭവനി ലാണിരിക്കുന്നതെന്ന ബോധം. അനീതിക്കെതിരെ സദാ ഗർജിച്ച ഒരു സിംഹത്തിന്റെ അദൃശ്യ സാന്നിദ്ധ്യമുണ്ടെന്ന ബോധം.

സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതരായ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പരമപ്രാധാന്യം നൽകുന്നു. സ്വന്തമായി ഒരു തുണ്ട് ഭൂമിയും കയറിക്കിടക്കാൻ ഒരു വീടുമാണ് ഓരോ കുടുംബത്തിനും പുരോഗതിക്ക് പ്രാഥമികമായി വേണ്ടത്. നമ്മുടെ സംസ്ഥാനത്ത് ഭൂരഹിതരിലും ഭവനരഹിതരിലും വലിയൊരു ഭാഗം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. അടുത്ത രണ്ടരക്കൊല്ല

ത്തിനകം മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും വീട് വെക്കാൻ ഭൂമിയും മുഴുവൻ ഭവനരഹിത കുടുംബങ്ങൾക്കും വീടും ലഭ്യമാക്കാൻ പദ്ധതി ആരംഭിച്ചിരിക്കുകയാണ്. ഭൂമി അന്യാധീനപ്പെട്ടുപോയ ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം നൽകുന്ന പദ്ധതിയിൽ ഇതിനകം രണ്ടായിരത്തഞ്ഞൂറോളം കുടുംബങ്ങൾക്ക് സ്ഥലം നൽകി. കണ്ണൂർ ജില്ലയിലെ ആറളത്ത് 1717 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി നൽകിയതിന് പുറമെ ഒക്ടോബർ അഞ്ചിന് ആലക്കോട്ട് 251 കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി നൽകി. മറ്റ് വിഭാഗങ്ങളിൽപ്പെട്ട 1559 കുടുംബങ്ങൾക്ക് വീട് വെക്കാൻ ഭൂമി നൽകി. ഭൂവിതരണത്തിന്റെ ഒന്നാം ഘട്ടം നാളെക്കൊണ്ട് എല്ലാ ജില്ലയിലും പൂർത്തിയാകും. മൂന്നാറിൽ വീണ്ടെടുത്ത പതിനാലായിരത്തോളം ഏക്കർ ഭൂമിയിൽ 1662 ഏക്കർ ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ നടപടി ത്വരിതഗതിയിൽ നടക്കുകയാണ്. ഭൂമി അന്യാധീനപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി നൽകുന്ന പദ്ധതി ഏതാനും മാസത്തിനകം പൂർത്തിയാക്കും. കഴിഞ്ഞ ദിവസം ചേർന്ന ഉന്നതതലയോഗം അതിന് വ്യക്തമായ രൂപരേഖ തയ്യാറാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട മുപ്പതിനായിരത്തോളം കുടുംബങ്ങൾക്ക് വീട് വെക്കാൻ ധനസഹായം നൽകി. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട രണ്ടായിരത്തിൽപ്പരം കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കി. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനുള്ള സഹായധനം മുക്കാൽ ലക്ഷമായും പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഭവനനിർമ്മാണ ധനസഹായം ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ആറളത്ത് പുനരധിവസിക്കപ്പെട്ട 2557 ആദിവാസി കുടുംബങ്ങൾക്ക് വീട്

വെക്കാൻ ഓരോ ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു. പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സ പൂർണ്ണമായും സൗജന്യമാക്കി. കോളനികളിൽ പട്ടിണിയും രോഗം ബാധിച്ച് ചികിത്സ ലഭ്യമാകാത്ത അവസ്ഥയും പൂർണ്ണമായും ഇല്ലാതാക്കാൻ കഴിഞ്ഞു.

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിലും വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. പുതിയ ഹോസ്റ്റലുകൾ നിർമ്മിച്ചു നൽകുകയും ഭക്ഷണ ത്തിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുകയും ചെയ്തു. ലംപ്സംഗ്രാന്റ് ഗണ്യമായി വർദ്ധിപ്പിച്ചു, കുടിശ്ശിക തീർത്ത് നൽകി. പട്ടികവർഗ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. അടക്കമുള്ള കോഴ്സുകളിൽ ചേരാൻ വ്യവസ്ഥകളിൽ ഇളവ് വരുത്തി. എന്നാൽ സുപ്രീംകോടതി പോലും അനുകൂലമായിട്ടും ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ നിഷേധാത്മക നയമാണ് സ്വീകരിച്ചത്. ഇപ്പോൾ കോടതിയുടെ അനുമതിയോടെ ആ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞു. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന പ്രശ്നം പരിഹരി ക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. പട്ടികജാതി-പട്ടികവർഗ വികസനത്തിനുള്ള കേന്ദ്രസഹായവും പദ്ധതി വിഹിതവും ചെലവഴി ക്കുന്നതിൽ ഏറ്റവും നല്ല മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞത് ഇക്കഴിഞ്ഞ രണ്ട് വർഷമാണ്. ഈ രംഗത്ത് കേന്ദ്രസഹായവും പദ്ധതി തുകയും പൂർണമായും ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണം.

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ സമ്പൂർണ്ണ വിജയമാക്കാൻ എല്ലാവരും സർവാത്മനാ സഹകരിക്കണമെന്നാണെനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പാവപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി അർപ്പിതമായ ചുമതല ശുഷ്ക്കാന്തിയോടെ നിർവഹിക്കാൻ ഉദ്യോഗസ്ഥർ ശ്രമിക്കുമെന്ന വിശ്വാസത്തോടെ അയ്യങ്കാളി ഭവൻ ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുന്നു.

നന്ദി, നമസ്ക്കാരം.